(ബി) 14.6.1999-ൽ ലഭിച്ച സുപ്രീം കോടതിയുടെ പ്രസ്തുത വിധി വിശദമായി പരിശോധിച്ചുവരുന്നു.

15 (978) സെയിൽസ്ടാക്സ് വർദ്ധനവ്

ശ്രീ. എം. മുരളി :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും സെയിൽസ്ടാക്സ് ഇനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് എത്രയാണ്;

(ബി) ഈ വർഷങ്ങളിൽ എന്തു തുകയാണ് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടേണ്ടത്;

(സി) നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ)

വർഷം	വില്പന നികുതി പിരിവ് (കോടിയിൽ)	മുൻവർഷത്തെ പിരിവിൽ നിന്നുള്ള വർദ്ധനവ് (ശതമാനത്തിൽ)
1996-97	2753.68	(+) 21
1997-98	3106.79	(+)12.80
1998-99	3387.93	(+)9

(ബി)

1996-97	649.38 കോടി രൂപ
1997-98	1020 കോടി രൂപ
1998-99	1106.83 കോടി രൂപ

(സി)

1. കാലാകാലങ്ങളിൽ സർക്കാർ തലത്തിൽ നികുതി പിരിവ് അവലോകനം ചെയ്യുകയും ഊർജ്ജിതപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുകയും ചെയ്യുന്നു.

   എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കമ്മീഷണർമാർ സെയിൽസ്ടാക്സ് അസസിംഗ് ഓഫീസേഴ്സിന്റെ കോൺഫറൻസ് വിളിച്ചു കൂട്ടി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ട്.

2. അപ്പലേറ്റ് അസി.കമ്മീഷണർമാരുടെയും ഡെപ്യൂട്ടി കമ്മീഷണർമാരുടെയും യോഗം വിളിച്ചുകൂട്ടി അപ്പീൽ കേസ്സുകൾ വേഗം തീർപ്പാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

3. റവന്യൂ വകുപ്പും വാണിജ്യ നികുതി വകുപ്പും യോജിച്ച് റവന്യൂ ഉദ്യോഗസ്ഥൻമാരുടെയും വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥൻമാരുടെയും യോഗം വിളിച്ചുകൂട്ടി റവന്യൂ റിക്കവറി നടപടി

LIBRARY ARCHIVES Kerala Legislative Assembly

കളുടെ പുരോഗതി വിലയിരുത്തുകയും ത്വരിതപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

4. ചെക്കുപോസ്റ്റുകൾ ശക്തിപ്പെടുത്തുകയും വാഹനങ്ങളും വ്യാപാര സ്ഥലങ്ങളും പരിശോധന നടത്തുകയും ചെയ്യുന്നു.

5. ചരക്കുകൾ വാഹനങ്ങൾ വഴി കടത്തിക്കൊണ്ടുപോകുമ്പോൾ തടഞ്ഞുനിർത്തി പരിശോധിച്ച് രേഖകൾ ഇല്ലാത്ത സാധനങ്ങൾക്ക് പിഴ ഈടാക്കുന്നു.

6. നികുതി വെട്ടിപ്പു സംബന്ധിച്ച് വിശ്വസനീയമായ വിവരം ലഭിച്ചുകഴിഞ്ഞാൽ വില്പന നികുതി ചട്ടത്തിലെ റൂൾ 26 പ്രകാരം വ്യാപാരസ്ഥലങ്ങൾ പരിശോധിച്ച് നികുതിവെട്ടിപ്പ് കണ്ടുപിടിച്ച് ചോർച്ച തടയുന്നു.

7. റയിൽവേസ്റ്റേഷൻ, വിമാനത്താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതി വെട്ടിപ്പ് തടയുന്നതിന് പ്രത്യേക പരിശോധന നടത്തുന്നു.

8. 31.3.1997 വരെയുള്ള കുടിശ്ശിക മുതലും പലിശയുടെ 40% വും ചേർത്ത് അടച്ച് കുടിശ്ശിക തീർക്കാൻ കമ്പനികൾ ഒഴികെയുള്ള നികുതിദായകരെ അനുവദിക്കുന്നു. പരമാവധി പലിശ അടച്ചു തീർക്കാനുള്ള മുതലിന് തുല്യമായി നിജപ്പെടുത്തിയിരിക്കുന്നു. അതുപ്രകാരം അംഗീകരിച്ച് പണം അടയ്ക്കുന്ന നികുതിദായകർക്ക് അടച്ച നികുതിയോ മറ്റിനങ്ങളോ പിന്നീട് അപ്പീലിനോ റിവിഷനിലോ കുറവു ചെയ്യപ്പെട്ടുകിട്ടുകയാണെങ്കിൽ കുറവുവരുന്ന തുക പലിശ സഹിതം തിരിച്ചു നൽകുന്നതായിരിക്കും. ഈ പദ്ധതിയുടെ കാലാവധി 30.9.1999 വരെയാണ്.

16 (T979) ചെറുകിട വ്യവസായികൾ നൽകുന്ന സെയിൽസ് ടാക്സ്

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായികൾ ഇപ്പോൾ നൽകുന്ന സെയിൽസ് ടാക്സ് എത്ര ശതമാനമാണ്;

(ബി) ഈ വ്യവസായികൾ 1.4.1995 മുതൽ നൽകിയിരുന്ന സെയിൽസ് ടാക്സ് എത്രയായിരുന്നു;

(സി) സെയിൽസ്ടാക്സ് വർദ്ധന ഈ വ്യവസായങ്ങളെ തളർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വർദ്ധിപ്പിച്ച സെയിൽസ്ടാക്സ് പിൻവലിക്കണമെന്ന് ചെറുകിട വ്യവസായികളുടെ സംഘടന നിവേദനം നൽകിയിട്ടുണ്ടോ;

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly